"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി- സംസ്ഥാനത്ത് നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (NDPS) കേസുകളുടെ വിചാരണയ്ക്കായി തിരുവനന്തപുരം, എറണാകുളം ജുഡീഷ്യൽ ജില്ലകളിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നത്- അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.28/2026/HOME    തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) 05.02.2024 തീയതിയിലെ D7(B)-4607/2021/DII-3 നമ്പർ കത്ത്
2. W.P(C) no. 29179/2025-ൽ ബഹു. ഹൈക്കോടതിയുടെ 25.09.2025 തീയതിയിലെ ഇടക്കാല ഉത്തരവ്

**<u>ഉത്തരവ്</u>**

വിവിധ ബാർ അസോസിയേഷനുകളുടെ അഭ്യർത്ഥനകൾ പരിഗണിച്ചും സംസ്ഥാനത്തുടനീളം തീർപ്പാക്കുവാൻ ശേഷിക്കുന്ന എൻഡിപിഎസ് കേസുകളുടെ എണ്ണവും പരിശോധിച്ച്, എൻഡിപിഎസ് പ്രത്യേക കോടതികൾ നിലവിൽ പ്രവർത്തിക്കുന്ന തൊടുപുഴ, കോഴിക്കോട് ഒഴികെയുള്ള എല്ലാ ജുഡീഷ്യൽ ജില്ലകളിലും 1 3 പുതിയ തസ്തികകൾ സൃഷ്ടിച്ച് കൊണ്ട് എൻഡിപിഎസ് പ്രത്യേക കോടതികൾ സ്ഥാപിക്കാൻ പരാമർശം (1) പ്രകാരം ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ശിപാർശ ചെയ്തിരുന്നു. തീർപ്പാക്കുവാൻ ശേഷിക്കുന്ന എൻഡിപിഎസ് കേസുകളുടെ അടിസ്ഥാനത്തിൽ, ചുവടെപ്പറയുന്ന മുൻഗണനാ ക്രമം നിർദ്ദേശിക്കുകയും അതനുസരിച്ച് എൻഡിപിഎസ് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഹൈക്കോടതി ആവശ്യപ്പെടുകയും ചെയ്തിരുന്നു.

| മുൻഗണനാക്രമം | ജുഡീഷ്യൽ ജില്ല |
|---|---|
| 1 | തിരുവനന്തപുരം |
| 2 | എറണാകുളം |



File No. HCKL/5498/2023-DII-3 (Computer No. 28839)

Generated from eOffice by SANDRA P, ASST-DII- 3 HCKL, ASST-DII-3 HCKL, HIGH COURT OF KERALA on 27/02/2026 04:41 PM

| | |
|---|---|
| 3 | പാലക്കാട് |
| 4 | മഞ്ചേരി |
| 5 | തൃശ്ശൂർ |
| 6 | ആലപ്പുഴ |
| 7 | കൊല്ലം |
| 8 | കാസറഗോഡ് |
| 9 | തലശ്ശേരി |
| 10 | കൽപ്പറ്റ |
| 11 | കോട്ടയം |
| 12 | പത്തനംതിട്ട |

2) സംസ്ഥാനത്ത് നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (NDPS) കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി സ്വമേധയാ എടുത്ത 29179/2025 നമ്പർ റിട്ട് ഹർജിയിന്മേൽ 25.09.2025 തീയതിയിലെ ഇടക്കാല ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം നിർദ്ദേശിച്ചിരുന്നു.

*"Considering the necessity of effectively dealing with the issue of drug abuse, its deleterious effects, and the need to strengthen the penal framework, and that the establishment of Special Courts will enable speedy trial of such cases, we expect a positive response from the State Government on the next date of hearing."*

3 ) തീർപ്പാക്കാൻ ശേഷിക്കുന്ന എൻഡിപിഎസ് കേസുകളുടെ എണ്ണവും ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) പരാമർശം (1) പ്രകാരം നൽകിയ മുൻഗണനാക്രമവും, ബഹു.ഹൈക്കോടതിയുടെ പരാമർശം (2) ലെ നിർദ്ദേശവും കണക്കിലെടുത്ത്, തിരുവനന്തപുരത്തും എറണാകുളത്തും പ്രത്യേക എൻഡിപിഎസ് കോടതികൾ സ്ഥാപിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം, എറണാകുളം ജുഡീഷ്യൽ ജില്ലകളിൽ എൻഡിപിഎസ് കേസുകളുടെ വിചാരണയ്ക്കായി ചുവടെ വിശദീകരിച്ചിട്ടുള്ളതുപോലെ ഓരോ കോടതിയിലും 4 പുതിയ തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ചു കൊണ്ടുള്ള സ്റ്റാഫ് പാറ്റേൺ അനുവദിച്ച് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം (ഓരോ കോടതിയിലും) | നിയമന രീതി |
|---|---|---|---|
| 1 | സ്പെഷ്യൽ ജഡ്ജ് | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 2 | ശിരസ്തദാർ | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 3 | സീനിയർ സൂപ്രണ്ട് | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 4 | ബഞ്ച് ക്ലാർക്ക് | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 5 | ക്ലാർക്ക് | 2 | താൽകാലിക/കരാർ നിയമനം |
| 6 | ടൈപ്പിസ്റ്റ് | 1 | താൽകാലിക/കരാർ നിയമനം |
| 7 | ഓഫീസ് അറ്റൻഡന്റ് | 3 | താൽകാലിക/കരാർ നിയമനം |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 1 | പുനർവിന്യാസം മുഖേന |
| 9 | ഡഫേദാർ | 1 | പുനർവിന്യാസം മുഖേന |
| 10 | കോർട്ട് കീപ്പർ | 1 | പുനർവിന്യാസം മുഖേന |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം.നം.3656 തീയതി 11.02.2026)

ധനകാര്യ വകുപ്പ് (3295648/Exp-D2/224/2025/Fin dated 17.12.2025 )

വെബ്ബ് & ന്യൂ മീഡിയ, ഐ&പിആർഡി (ഗവ.വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (സി1/150/2025/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



File No. HCKL/5498/2023-DII-3 (Computer No. 28839)

Generated from eOffice by SANDRA P, ASST-DII- 3 HCKL, ASST-DII-3 HCKL, HIGH COURT OF KERALA on 27/02/2026 04:41 PM